(എഫ്) ഇറിഗേഷൻ വകുപ്പു രൂപീകൃതമായതു മുതൽ (1-4-1990) ഡിപ്പാർട്ടുമെന്റൽ വർക്കുകൾ പി.ഡബ്ല്യു.ഡി യിലെ നിയമ വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിലാക്കിയിട്ടുണ്ട്.

ജപ്പാന്റെ സഹായത്തോടെയുള്ള ജലവിതരണ പദ്ധതികൾ

32 (195) ശ്രീമതി കെ. ആർ.ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാന്റെ സഹായത്തോടെയുള്ള ജലവിതരണ പദ്ധതികൾക്ക് നിർമ്മാണ അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ ;

(സി) ഈ പദ്ധതിയുടെ പണി എന്ന് തുടങ്ങാൻ കഴിയും എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ,ബി&സി) 25-2-1997-ൽ ഒ.ഇ.സി.എഫ് (ജപ്പാൻ)ഉം, ഇന്ത്യാ ഗവൺമെന്റും ഉണ്ടാക്കിയ കരാർ പ്രകാരം കേരള വാട്ടർ സപ്ലൈ പ്രോജക്ടിൽ ഉൾപ്പെടുത്തിയ 5 ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കാൻ വായ്പാ സഹായം ലഭിക്കും. കരാർ പ്രകാരം പദ്ധതി നടത്തിപ്പിന് കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ട്.കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൺസൾട്ടിന്റിന്റെ നിയമനത്തിനുശേഷം ആരംഭിക്കുന്നതാണ്. പ്രസ്തുത പദ്ധതികൾക്ക് വേണ്ടിയുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു.

അരുമാനൂർ ഉദയമ്പേരൂർ ശുദ്ധജലവിതരണ പദ്ധതി

33 (196) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ എടയ്ക്കാട്ടു വയൽ ആമ്പല്ലൂർ-ഉദയമ്പേരൂർ ശുദ്ധജലവിതരണ പദ്ധതി എന്നത്തേക്ക് പൂർത്തിയാകും ;

(ബി) ഈ പദ്ധതിക്ക് എന്നാണ് ഭരണാനുമതി നൽകിയത്; ഭരണാനുമതിയുടെ കോപ്പി ലഭ്യമാക്കുമോ ;

(സി) ഈ പദ്ധതിക്കായി ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ആദ്യം നിശ്ചയിച്ചിരുന്നത് ;

(ഇ) എന്തുകൊണ്ടാണ് പണികൾ പൂർത്തിയാകാതെ നീണ്ടുപോയത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly